**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് നവകേരളത്തിന് ജനകീയാസൂത്രണം - പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യവാർഷിക പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള മാർഗരേഖ - സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധവിഷയങ്ങളും ഭേദഗതി വരുത്തിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1683/2017/തസ്വഭവ തിരുവനന്തപുരം, തീയതി: 23.05-2017,

---

പരാമർശം: സ.ഉ.(എം.എസ്) നം.80/2017/തസ്വഭവ തീയതി 03.04.2017

## ഉത്തരവ്

നവകേരളത്തിന് ജനകീയാസൂത്രണം-പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള മാർഗരേഖ പ്രകാരം സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും നിശ്ചയിച്ചുകൊണ്ട് പരാമർശപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവി ച്ചിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നടന്ന പരിശീലനത്തിൽ പങ്കെടുത്ത വിഷയ വിദഗ്ധരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവികളും ടി മാർഗരേഖയിൽ ചില ഭേദഗതികളും കൂട്ടിച്ചേർക്കലുകളും നടത്തുന്നത് പദ്ധതി രൂപീകരണ നിർവഹണ പ്രക്രിയയ്ക്ക് കൂടുതൽ സഹായകര മായിരിക്കും എന്ന് നിർദ്ദേശിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മുകളിൽ പരാമർശിച്ച സർക്കാർ ഉത്തരവിൽ ഭേദഗതികളും കൂട്ടിച്ചേർക്കലുകളും വരുത്തി ഉത്തരവാകുന്നു. ഭേദഗതി അനുബന്ധമായി ചേർക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ. മോഹനകുമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

പകർപ്പ് :തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

Saradadevi

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## സർക്കാർ ഉത്തരവ് (എം.എസ്)നം.80/2017/തസ്വഭവ തീയതി 03.04.2017 പ്രകാരം പുറപ്പെടുവിച്ച സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയ്ക്ക് - ഭേദഗതിയും കൂട്ടിച്ചേർക്കലും

| ക്രമ നം | ഉത്തരവിലെ ഖണ്ഡിക/കോളം<br>(1)ക്രമ നമ്പർ, (2) ഇനം (3) കാറ്റഗറി. (4) സബ്സിഡി ഇനത്തിന്റെ ഉയർന്ന പരിധി (5) മാനദണ്ഡങ്ങൾ | നിലവിലുള്ളത് | ഭേദഗതി/കൂട്ടിച്ചേർക്കൽ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | **6.സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും** | | |
| | **6.1.6, പേജ് 8** | എല്ലാ അപേക്ഷകളും ഗ്രാമപഞ്ചായത്തിലാണ് നൽകേണ്ടത്. 5 ലക്ഷം രൂപവരെ അടങ്കലുള്ളവ ഗ്രാമപഞ്ചായത്തും 5 മുതൽ 10 ലക്ഷം രൂപ വരെ അടങ്കലുള്ളവ ബ്ലോക്ക് പഞ്ചായത്തും 10 ലക്ഷത്തിന് മുകളിലുള്ളവ ജില്ലാ പഞ്ചായത്തുകളുമാണ് നടപ്പാക്കേണ്ടത്. എല്ലാ സംരംഭകരുടേയും ലിസ്റ്റിന് ബന്ധപ്പെട്ട ഗ്രാമസഭകളുടെ സാധൂകരണം വാങ്ങണം. പ്രൊപ്പോസലുകളുടെ സാമ്പത്തിക പരിധിക്കനുസരിച്ച് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറും. | എല്ലാ അപേക്ഷകളും ഗ്രാമപഞ്ചായത്തിലാണ് നൽകേണ്ടത്. 5 ലക്ഷം രൂപവരെ അടങ്കലുള്ളവ ഗ്രാമപഞ്ചായത്തും 5 മുതൽ 10 ലക്ഷം രൂപ വരെ അടങ്കലുള്ളവ ബ്ലോക്ക് പഞ്ചായത്തും 10 ലക്ഷത്തിന് മുകളിലുള്ളവ ജില്ലാ പഞ്ചായത്തുകളുമാണ് നടപ്പാക്കേണ്ടത്. എല്ലാ സംരംഭകരുടേയും ലിസ്റ്റ് ബന്ധപ്പെട്ട ഗ്രാമസഭ/വാർഡ്സഭകളിൽ റിപ്പോർട്ട് ചെയ്യണം. പ്രൊപ്പോസലുകളുടെ സാമ്പത്തിക പരിധിക്കനുസരിച്ച് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറും. നഗരഭരണ സ്ഥാപനങ്ങളിൽ അതത് സ്ഥാപനങ്ങളിൽ തന്നെ അപേക്ഷ സ്വീകരിച്ച് തുടർ നടപടി സ്വീകരിക്കാവുന്നതാണ്. |
| 2 | **8.1 കൃഷി** | | |
| | **8.1.6 പച്ചക്കറിക്കൃഷിക്ക് കൂലിചെലവ് സബ്സിഡി** | | |
| | **8.1.6, കോളം നം.4, പേജ് -14** | ഒരു ഹെക്ടറിന് 7000/- രൂപ (പരമാവധി 30,000/- രൂപ) | ഒരു ഹെക്ടറിന് 17000/- രൂപ (പരമാവധി 30,000/- രൂപ) |
| 3 | **8.1.23 കരിമ്പ് കൃഷി** | | |
| | **8.1.23, കോളം നം.5 പേജ് 21** | നിലവിലില്ല | 4) ഗ്രാമ/നഗരഭരണ സ്ഥാപനങ്ങൾക്ക് മാത്രം |

| | | | |
|---|---|---|---|
| 4 | **8.2. മൃഗസംരക്ഷണം/ക്ഷീര വികസനം** | | |
| | **8.2.6 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (SLBP)** | | |
| | **8.2.6, കോളം നം.4 പേജ് 24,** | 25% (പരമാവധി ഒരു ഗുണഭോക്താവിന് 3,125/- രൂപ)സംസ്ഥാനവിഹിതം ലഭ്യമല്ലാത്ത സാഹചര്യത്തിൽ അതും നൽകണം | 25% (പരമാവധി ഒരു ഗുണഭോക്താവിന് 6,250/- രൂപ)സംസ്ഥാനവിഹിതം ലഭ്യമല്ലാത്തസാഹചര്യത്തിൽ അതും നൽകണം. |
| | **കോളം നം.5 പേജ് 24 മൂന്നാമത്തെ ബുള്ളറ്റ്** | സംസ്ഥാന വിഹിതം 6250/-രൂപ, തദ്ദേശഭരണസ്ഥാപന വിഹിതം 3,125/-രൂപ, ഗുണഭോക്തൃ വിഹിതം 3,125/- രൂപ | സംസ്ഥാന വിഹിതം 6250/-രൂപ, തദ്ദേശഭരണസ്ഥാപന വിഹിതം 6,250/-രൂപ, ഗുണഭോക്തൃ വിഹിതം 12,500/- രൂപ |
| 5 | **8.4 മത്സ്യബന്ധനം (എ) സമുദ്ര മേഖല** | | |
| | **8.4.എ(1) മത്സ്യബന്ധനത്തിനുള്ള വള്ളം (ഡിങ്കി)** | | |
| | **8.4.എ(1) കോളം നം.2, പേജ് 28** | മത്സ്യബന്ധനത്തിനുള്ള വള്ളം (ഡിങ്കി) | മത്സ്യബന്ധനത്തിനുള്ളവള്ളം (ഡിങ്കി) 3 പേർ വീതമുള്ള ഗ്രൂപ്പ് |
| | **8.4.എ (1) കോളം നം.3, പേജ് 28** | വിലയുടെ 50 ശതമാനമോ 20,000/- രൂപയോ ഏതാണോ കുറവ് അത് | യൂണിറ്റ് കോസ്റ്റിന്റെ 50% |
| | **കോളം നം.4, പേജ് 28** | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 30,000/- രൂപ (യൂണിറ്റ് കോസ്റ്റ് ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം) | യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം |
| | **കോളം നം.5, പേജ് 28** | ഗ്രാമ/നഗരഭരണ സ്ഥാപനങ്ങൾക്കു മാത്രം | എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും |
| 6 | **8.4.എ(2) ഗിൽനെറ്റും ഡിങ്കിയും** | | |
| | **8.4.എ(2) കോളം നം 4 പേജ് 28** | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 35,000/- രൂപ (യൂണിറ്റ് കോസ്റ്റ് ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം) | യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം |
| 7 | **8.4.എ (3) കട്ടമരം** | | |
| | **8.4.എ(3) കോളം 4 പേജ് 28** | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 30,000/- രൂപ (യൂണിറ്റ് കോസ്റ്റ് ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം) | യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം |
| 8 | **8.4.എ(5) മത്സ്യബന്ധന വല/ ഗിൽനെറ്റ് (വ്യക്തിഗതം)** | | |
| | **8.4.എ(5) കോളം നം.4 പേജ് 29** | 1. യൂണിറ്റ് കോസ്റ്റിന് കൂടിയ പരിധി 6000 രൂപ<br>2. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം | 1) ഒഴിവാക്കി<br>1) യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം |
| 9 | **8.4.എ(6) ഔട്ട്ബോർഡ് എഞ്ചിൻ, വല എന്നിവ ഉൾപ്പെടെ ഡിങ്കി** | | |
| | **8.4.എ(6) കോളം നം.5, പേജ്നം.29 അവസാനത്തെ ബുള്ളറ്റ്** | ഗ്രാമ/നഗരഭരണ സ്ഥാപനങ്ങൾക്ക് മാത്രം | എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും |
| 10 | **8.4. എ (8)മത്സ്യ കച്ചവടത്തിനുള്ള ഐസ് ബോക്സ്** | | |
| | **8.4.എ (8) കോളം നം.4 പേജ് നം.29** | 3 )യൂണിറ്റ് കോസ്റ്റിന് കൂടിയ പരിധി 6000 രൂപ | 3) ഒഴിവാക്കി |

| | | | |
|---|---|---|---|
| 11 | **8.4 ബി മത്സ്യബന്ധനം ഉൾനാടൻ മേഖല** | | |
| | **8.4 ബി (1) അലങ്കാര മത്സ്യം വളർത്തലും വിപണനവും അക്വേറിയം രൂപകൽപനയും** | | |
| | **8.4 ബി (1) കോളം നം.5, പേജ് നം.30** | 2) ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാം | 2) ഗ്രാമ/ ബ്ലോക്ക്/ നഗരഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാം |
| 12 | **8.4 ബി (7) ഗിൽനെറ്റും ഡിങ്കിയും** | | |
| | **8.4 ബി (7) കോളം നം.2, പേജ് നം.30** | ഗിൽനെറ്റും ഡിങ്കിയും | ഗിൽനെറ്റും ഡിങ്കിയും (മൂന്നുപേർ വീതമുള്ള ഗ്രൂപ്പ്) |
| | **8.4 ബി (7) കോളം നം.3, പേജ് നം.30** | വിലയുടെ 50 ശതമാനമോ 15,500 രൂപയോ ഏതാണ് കുറവ് അത് | യൂണിറ്റ് കോസ്റ്റിന്റെ 50% |
| | **8.4 ബി (7) കോളം നം.4, പേജ് നം.30** | 1. യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 25000 രൂപ<br>2. യൂണിറ്റ് കോസ്റ്റ് സ്പെസിഫിക്കേഷൻ ജില്ലാതലത്തിൽ ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം | 1) ഒഴിവാക്കി<br>2)യൂണിറ്റ് കോസ്റ്റ് സ്പെസിഫിക്കേഷൻ ജില്ലാതലത്തിൽ നിശ്ചയിക്കണം |
| | **8.4 ബി (7) കോളം നം.5, പേജ് നം.30** | 2) ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം. | 2) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും |
| 13 | **8.4 ബി (9) കൂട് കൃഷി (cage culture) ഗ്രൂപ്പുകൾക്കുമാത്രം** | | |
| | **8.4 ബി (9) കോളം നം.4, പേജ് നം.31** | 1)യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 60,000/-<br>2) യൂണിറ്റ് കോസ്റ്റ് സ്പെസിഫിക്കേഷൻ ജില്ലാതലത്തിൽ ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം | 1) ഒഴിവാക്കി<br>2) യൂണിറ്റ് കോസ്റ്റ് സ്പെസിഫിക്കേഷൻ ജില്ലാതലത്തിൽ നിശ്ചയിക്കണം |
| 14 | **8.4 ബി (10) മത്സ്യക്കൃഷിക്കാവശ്യമായ സംരക്ഷണ വല** | | |
| | **8.4 ബി (10) കോളം നം.4 പേജ് നം.31** | 1) യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 5000 രൂപ<br>2.) യൂണിറ്റ് കോസ്റ്റ് സ്പെസിഫിക്കേഷൻ ജില്ലാതലത്തിൽ ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം | 1)ഒഴിവാക്കി<br>2) യൂണിറ്റ് കോസ്റ്റ് സ്പെസിഫിക്കേഷൻ ജില്ലാതലത്തിൽ നിശ്ചയിക്കണം |
| 15 | **8.5 കുടിവെള്ളം** | | |
| | **8.5.1 പുതിയ തുറന്ന കിണർ** | | |
| | **8.5.1 കോളം നം.3 പേജ് നം.31** | പൊതുവിഭാഗം/ പട്ടികജാതി വിഭാഗം | പൊതുവിഭാഗം/ പട്ടികജാതി വിഭാഗം/ പട്ടികവർഗ വിഭാഗം |
| 16 | **8.6 വീട്/വീട് പുനരുദ്ധാരണം/വീട് വയറിംഗ്** | | |
| | **8.6.3 വീട് വയറിംഗ്** | | |
| | **8.6.3, കോളം നം. 3 പേജ് 34** | പട്ടികവർഗം (ഊരുകളിൽ) | പട്ടികവർഗം |
| | **8.6.3, കോളം നം 5 പേജ് 34** | നിലവിലില്ല | ഗ്രാമ/നഗരഭരണ സ്ഥാപനങ്ങൾക്കു മാത്രം |

| | | | |
|---|---|---|---|
| 17 | **8.7 സ്വയം തൊഴിൽ സംരംഭങ്ങൾ** | | |
| | **8.7.2 സ്വയംതൊഴിലിന് ആസ്തികൾ** | | |
| | **8.7.2 കോളം നം. 2<br>പേജ് 37** | (a)സ്വയംതൊഴിലിന് ആസ്തികൾ (ഗ്രൂപ്പ് സംരംഭങ്ങൾ കുറഞ്ഞത് 5 പേർ) ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും | (a)സ്വയംതൊഴിലിന് ആസ്തികൾ (ഗ്രൂപ്പ് സംരംഭങ്ങൾ കുറഞ്ഞത് 5 പേർ) |
| | **8.7.2 ബി, കോളം നം.2<br>പേജ് 37** | (b) സ്വയം തൊഴിലിന് ആസ്തികൾ(സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ്) ഗ്രൂപ്പിലെ ഒരംഗത്തിന് പരമാവധി 25,000/- രൂപ എന്ന തോതിൽ ഗ്രാമ/നഗര പ്രദേശങ്ങളിൽ | b) സ്വയം തൊഴിലിന് ആസ്തികൾ(സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ്) |
| | **8.7.2 കോളം നം.5<br>പേജ് 37** | ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം | ഗ്രാമ/ബ്ലോക്ക്/നഗരഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം |
| 18 | **10.3 ഉപകരണങ്ങൾ വാങ്ങൽ** | | |
| | **10.3.3. പേജ് നം. 51** | ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള പ്രോജക്റ്റ് നഗരഭരണ സ്ഥാപനങ്ങളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും മാത്രമേ ഏറ്റെടുക്കാവൂ. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്കുള്ള ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനത്തോടെ നൽകിയവയായിരിക്കണം. ഗുണഭോക്താക്കളുടെ പേരു വിവരവും ഓരോരുത്തർക്കും വേണ്ടി ഉപകരണങ്ങളുടെ ലിസ്റ്റും (ഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്) ലഭിച്ച ശേഷം മാത്രമേ ഉപകരണങ്ങൾ വാങ്ങാവൂ ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർമാർ മുഖേനയായിരിക്കണം വിതരണം നടത്തേണ്ടത്. നഗര സഭരണസ്ഥാപനങ്ങളിലെ ഗുണഭോക്തൃലിസ്റ്റ് വാർഡ് സഭയും നഗരഭരണ സ്ഥാപനവും അംഗീകരിച്ച തീരുമാനത്തോടെ നൽകിയവയായി രിക്കണം. ഗുണഭോക്താക്കളുടെ പേരുവിവരവും ഓരോരുത്തർക്കും വേണ്ടിയുള്ള ഉപകരണങ്ങളുടെ ലിസ്റ്റും (ഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്) ലഭിച്ച ശേഷം മാത്രമേ ഉപകരണങ്ങൾ വാങ്ങാവൂ. | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള പ്രോജക്റ്റ് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം എന്നാൽ ഗ്രാമപഞ്ചായത്തുകൾ ഭിന്നശേഷിക്കാർക്കുള്ള ബത്തയും സ്കോളർഷിപ്പും നൽകുകയും ഉപകരണങ്ങൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വാങ്ങി നൽകുകയും ചെയ്യുന്നതാണ് അഭികാമ്യം. ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനത്തോടെ നൽകിയവയായിരിക്കണം. ഗുണഭോക്താക്കളുടെ പേരു വിവരവും ഓരോരുത്തർക്കും വേണ്ട ഉപകരണങ്ങളുടെ ലിസ്റ്റും (ഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്) ലഭിച്ചശേഷം മാത്രമേ ഉപകരണങ്ങൾ വാങ്ങാവൂ. ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർമാർ മുഖേനയായിരിക്കണം വിതരണം നടത്തേണ്ടത്. നഗരഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്തൃലിസ്റ്റ് വാർഡ്സഭയും നഗരഭരണസ്ഥാപനവും അംഗീകരിച്ച തീരുമാനത്തോടെ നൽകിയവയായിരിക്കണം. ഗുണഭോക്താക്കളുടെ പേരു വിവരവും ഓരോരു |

| | | | |
|---|---|---|---|
| | | | ത്തർക്കും വേണ്ടിയുള്ള ഉപകരണങ്ങളുടെ ലിസ്റ്റും (ഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്) ലഭിച്ചശേഷം മാത്രമേ ഉപകരണങ്ങൾ വാങ്ങാവൂ. |
| 19 | **10.6 പാലിയേറ്റീവ് പരിചരണം** | | |
| | **10.6 പേജ്.നം.53** | 1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.10.2015 ലെ സ.ഉ(സാധാ) 3217/2015 നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.<br>2. സാന്ത്വനഗൃഹപരിചരണ പദ്ധതിയിൽ ഹോംകെയറിന് പോകുന്ന ഒരു ടീമിന്റെ ഭക്ഷണ ചെലവ് 250 രൂപ വരെയാകാവുന്നതാണ്. | 1) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.10.2015 ലെ സ.ഉ(സാധാ) 3217/2015 നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.<br>2) സാന്ത്വനഗൃഹപരിചരണ പദ്ധതിയിൽ ഹോംകെയറിന് പോകുന്ന ഒരു ടീമിന്റെ ഭക്ഷണ ചെലവ് 250 രൂപ വരെയാകാവുന്നതാണ്.<br>3) ബ്ലോക്ക് പഞ്ചായത്തുകൾക്കും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുഖാന്തിരം ആവശ്യമെങ്കിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതും ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് തുക വകയിരുത്തി പ്രോജക്ട് വയ്ക്കാവുന്നതാണ്. |
| 20 | **11.3 പേ വിഷ നിർമ്മാർജ്ജനത്തിനും തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനും വേണ്ടിയുള്ള പ്രോജക്ട്** | | |
| | **11.3.2. പേജ് 54** | **2. എ.ബി.സി. പദ്ധതി സംബന്ധിച്ച് നിർദ്ദേശങ്ങൾ :**<br>എ.ബി.സി. പദ്ധതി രണ്ട് രീതിയിൽ നടപ്പിലാക്കാവുന്നതാണ്.<br>1. സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടുള്ള എ .ബി.സി. പദ്ധതി നിർവ്വഹണം<br>ഒരു നായയെ വന്ധ്യംകരിക്കുന്നതിന് സന്നദ്ധ സംഘടനയ്ക്ക് നൽകാവുന്ന പരമാവധി തുക 1900/- രൂപ<br>2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പദ്ധതി നടപ്പിലാക്കുമ്പോൾ | **എ.ബി.സി. പദ്ധതി സംബന്ധിച്ച് നിർദ്ദേശങ്ങൾ** :-<br>എ.ബി.സി. പദ്ധതി രണ്ട് രീതിയിൽ നടപ്പിലാക്കാവുന്നതാണ്.<br>1.സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടുള്ള എ .ബി.സി. പദ്ധതി നിർവ്വഹണം ഒരു നായയെ വന്ധ്യംകരിക്കുന്നതിന് സന്നദ്ധ സംഘടനയ്ക്ക് നൽകാവുന്ന പരമാവധി തുക 1900/- രൂപ |

| | | | |
|---|---|---|---|
| | | • കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വെറ്ററിനറി സർജനുള്ള മാസവേതനം - 39,500/- രൂപ<br>• കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന മൃഗപരിപാലകർക്കുള്ള മാസവേതനം (നായ പിടിത്തം, പരിപാലനം മുതലായവ) - 20,000/- രൂപ<br>• ഓപ്പറേഷൻ തിയറ്ററിലെ സഹായി (കരാർ അടിസ്ഥാനത്തിൽ) ശാസ്ത്രീയ സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമായ ജോലികൾ) - 25,000/- രൂപ<br>• ശുചീകരണ പ്രവർത്തികൾ ചെയ്യുന്നതിന് (പരമാവധി) - 6,000/- രൂപ<br>• ശസ്ത്രക്രിയയ്ക്ക് ആവശ്യമായ മരുന്ന്, മറ്റ് സാധനങ്ങൾ (നായ ഒന്നിന്)-600/-രൂപ<br>• നായ്ക്കളുടെ തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് മുതലായവ (നായ ഒന്നിന്)-200/-രൂപ | 2.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പദ്ധതി നടപ്പിലാക്കുമ്പോൾ<br>• കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വെറ്ററിനറി സർജനുള്ള മാസവേതനം - 39,500/- രൂപ<br>• കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന മൃഗപരിപാലകർക്കുള്ള മാസവേതനം (നായ പിടിത്തം, പരിപാലനം മുതലായവ) - 20,000/- രൂപ<br>• ഓപ്പറേഷൻ തിയറ്ററിലെ സഹായി (കരാർ അടിസ്ഥാനത്തിൽ) ശാസ്ത്രീയ സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമായ ജോലികൾ - 25,000/- രൂപ<br>• ശുചീകരണ പ്രവർത്തികൾ ചെയ്യുന്നതിന് (പരമാവധി) - 6,000/- രൂപ<br>• ശസ്ത്രക്രിയയ്ക്ക് ആവശ്യമായ മരുന്ന്, മറ്റ് സാധനങ്ങൾ (നായ ഒന്നിന്)-600/-രൂപ<br>• നായ്ക്കളുടെ തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് മുതലായവ (നായ ഒന്നിന്)-200/-രൂപ<br>**3)** എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് സംയുക്തമായി പദ്ധതി ഏറ്റെടുക്കണം. ഗ്രാമ/മുനിസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ നിർദ്ദേശിക്കപ്പെടുന്ന പ്രവർത്തനങ്ങൾക്ക് പ്രേജക്ട് തയ്യാറാക്കി ഫണ്ട് വകയിരുത്തി സൗകര്യങ്ങൾ ലഭ്യമാക്കണം. |
| 21 | **11.8 സമർത്ഥരായ പട്ടികജാതി /പട്ടികവർഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം** | | |
| | **11.8.5 പേജ് 56** | 8,9,10-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം നൽകേണ്ടത്. സൈക്കിൾ വാങ്ങി | 8,9,10-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന |

| | | | |
|---|---|---|---|
| | | സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനൂകൂല്യം ലഭിച്ചവർ അർഹരല്ല. നിർധനരായ കുടുംബങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്. വകുപ്പിൽ നിന്ന് നൽകിയിട്ടില്ലെന്ന് വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. | ലിസ്റ്റ് പ്രകാരമായിരിക്കണം നൽകേണ്ടത്. സൈക്കിൾ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനൂകൂല്യം ലഭിച്ചവർ അർഹരല്ല. നിർധനരായ കുടുംബങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്. വകുപ്പിൽ നിന്ന് നൽകിയിട്ടില്ലെന്ന് വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. ഗ്രാമ/നഗരഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാം. ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്ക് പങ്കാളികളാകാം. |
| 22 | **11.8.9 പട്ടിക ജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ** | | |
| | **11.8.9 പേജ് നം 57** | പട്ടിക ജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ<br>പട്ടികജാതി യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ സമിതികൾക്കോ ബാന്റ് സെറ്റ്, ചെണ്ട തുടങ്ങിയ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. 5% ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കേണ്ടതാണ്. നിലവിൽ ലഭിച്ചിട്ടുള്ളവർക്ക് 5 വർഷങ്ങൾക്കു ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളു. ഗ്രൂപ്പ് എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിയുന്ന പരിചയവും പ്രാവിണ്യവുമുള്ളവരാണെന്ന് കണ്ടെത്തുന്ന 10 മുതൽ 15 വരെ അംഗങ്ങൾ ഉണ്ടായിരിക്കണം. | **<u>പട്ടിക ജാതി/പട്ടികവർഗ യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ</u>**<br>പട്ടികജാതി/പട്ടിക വർഗ യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ സമിതികൾക്കോ ബാന്റ് സെറ്റ്, ചെണ്ട തുടങ്ങിയ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. 5% ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കേണ്ടതാണ്. നിലവിൽ ലഭിച്ചിട്ടുള്ളവർക്ക് 5 വർഷങ്ങൾക്കു ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളു. ഗ്രൂപ്പ് എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിയുന്ന പരിചയവും പ്രാവിണ്യവുമുള്ളവരാണെന്ന് കണ്ടെത്തുന്ന 10 മുതൽ 15 വരെ അംഗങ്ങൾ ഉണ്ടായിരിക്കണം. ഗ്രാമ/നഗരഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. |
| 23 | **11.8.11 പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനമുറി** | | |
| | **11.8.11 പേജ് നം. 57** | നിലവിലില്ല | **<u>പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനമുറി</u>**<br>പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം സൗകര്യം ഉണ്ടെങ്കിൽ പഠനമുറി |

| | | | |
|---|---|---|---|
| | | | നിർമ്മിക്കാവുന്നതാണ്. നിലവിലുള്ള 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടിനോടു ചേർന്ന് 100 ചതുരശ്ര അടിയിൽ അധികരിക്കാതെ പഠനമുറി നിർമ്മിക്കാവുന്നതാണ്. 1 ലക്ഷം രൂപ ആകെ നൽകാവുന്നതും അതിൽ 50,000 രൂപ മുൻകൂറായി നൽകാവുന്നതുമാണ്. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്. ഗ്രാമ/ നഗരഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. |
| 24 | **11.8.12 പട്ടികജാതി/പട്ടികവർഗ കോളനികളിൽ/ഊരുകളിൽ സാമൂഹ്യ പഠനകേന്ദ്രം** | | |
| | **11.8.12 പേജ് നം. 57** | നിലവിലില്ല | **പട്ടികജാതി/പട്ടികവർഗ കോളനികളിൽ/ ഊരുകളിൽ സാമൂഹ്യ പഠനകേന്ദ്രം**<br>പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾ ഉള്ള കോളനികളിൽ/ഊരുകളിൽ അവരുടെ വീടിനോടൊപ്പം പഠന മുറി നിർമ്മിക്കാൻ സൗകര്യമില്ലാത്ത സാഹചര്യത്തിൽ കോളനികളിലും ഊരുകളിലും സാമൂഹ്യ പഠന കേന്ദ്രം നിർമ്മിച്ച് പഠന സൗകര്യം ഉറപ്പാക്കാവുന്നതാണ്. ഇതിന് അതാത് സ്ഥലത്തെ പ്രത്യേകതകൾക്കനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നിർമ്മാണം നടത്താവുന്നതാണ്. പ്രവർത്തനം കാര്യക്ഷമമാക്കാൻ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഗ്രാമ/നഗരഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമായ അനുമതിയോടെ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. |
| 25 | **12.2 ശമ്പളം/ഓണറേറിയം നൽകുന്നതിൽ നിയന്ത്രണം** | | |
| | **12.2.5 പേജ് 58** | സർക്കാർ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ യോഗ്യതയുള്ള ലൈബ്രേറിയന്മാരെ 10 മാസം കരാർ വ്യവസ്ഥയിൽ നിയോഗിച്ച് വേതനം നൽകാവുന്നതാണ്. | സർക്കാർ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിൽ യോഗ്യതയുള്ള ലൈബ്രേറിയന്മാരെ കരാർ വ്യവസ്ഥയിൽ 10 മാസത്തേയ്ക്ക് നിയോഗിച്ച് വേതനം നൽകാവുന്നതാണ്. ഇവർക്ക് പ്രതിമാസം 8000 രൂപയിൽ അധികരിക്കാതെ വേതനം |

| | | | |
|---|---|---|---|
| | | | നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതും പ്രതിമാസ പ്രവർത്തന പുരോഗതി വിലയിരുത്താൻ നടപടി സ്വീകരിക്കേണ്ടതുമാണ്. |
| 26 | **12.2.6 പേജ് 58** | പകൽവീട്, വൃദ്ധസദനം, തുടങ്ങിയ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ നടത്തിപ്പിൽ അനുയോജ്യമായ തരത്തിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാ വുന്നതും വേതനം നൽകാവുന്നതുമാണ്. | പകൽവീട്, വൃദ്ധസദനം, എന്നീ സ്ഥാപന ങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിൽ അനുയോജ്യമായ തരത്തിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാ വുന്നതും പ്രതിമാസം 7000 രൂപയിൽ അധികരിക്കാതെ വേതനം നൽകാവു ന്നതുമാണ്. സ്ഥാപനങ്ങളുടെ പ്രവർത്തന കാര്യക്ഷമത ഉറപ്പാക്കേണ്ടതുമാണ്. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാം. |
| 27 | **12.2.7 പേജ് 58** | കൗമാരക്കാരായ കുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നതിന് നിർദ്ദിഷ്ഠ യോഗ്യ തയുള്ള കൗൺസിലർമാരെ കരാറടിസ്ഥാനത്തിൽ 10 മാസത്തേക്ക് നിയോഗിക്കാ വുന്നതും വേതനം നൽകാവുന്നതുമാണ്. | കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺ സിലിംഗ് നൽകുന്നതിന് നിർദ്ദിഷ്ഠ യോഗ്യ തയുള്ള കൗൺസിലർമാരെ കരാറടിസ്ഥാന ത്തിൽ നിയോഗിക്കാവുന്നതാണ്. ഒരു തദ്ദേശഭരണ സ്ഥാപനത്തിലെ സർക്കാർ/ എയ്ഡഡ് എച്ച്.എസ്/എച്ച്.എസ്.എസ് സ്ക്കൂളുകളിലെ പെൺകുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി രണ്ടോ മൂന്നോ സ്കൂളുകളെ ഒരു യൂണിറ്റായി കണക്കാക്കി ഒരു സ്ക്കൂൾ കൗൺസിലർക്ക് ചുമതല നൽകാവുന്ന താണ്. സാമൂഹ്യനീതി വകുപ്പും വിദ്യാഭ്യാസ വകുപ്പും നിയോഗിച്ചിട്ടുള്ള സ്കൂൾ കൗൺസിലേഴ്സിനെ കൂടി കണക്കാക്കി ജില്ലയിലെ എല്ലാ ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി സ്ക്കൂളുകളിലും കൗൺസി ലറുടെ സേവനം കിട്ടത്തക്കവണ്ണം ക്രമീകരി ക്കണം. ഇങ്ങനെ ക്രമീകരിക്കുമ്പോൾ കൗൺസിലറെ അധികമായി വേണ്ടി വരിക യാണെങ്കിൽ നിർദ്ദിഷ്ഠ യോഗ്യതയുള്ള കൗൺസിലർമാരെ കരാറടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന് / നഗരസഭകൾക്ക് നിയോഗിക്കാവുന്നതും 10 മാസത്തേയ്ക്ക് വേതനം നൽകാവുന്നതുമാണ്. |

| | | | |
|---|---|---|---|
| | | | സാമൂഹ്യനീതി വകുപ്പിലെ മാനദണ്ഡപ്രകാരം യോഗ്യതയും, വേതനവും നിശ്ചയിക്കാവുന്നതാണ്. കൗൺസിലർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും പ്രതിമാസ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ചുവടെ ചേർക്കുന്നവർ അംഗങ്ങളായ മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതാണ്.<br>**ചെയർപേഴ്സൺ:-**<br>ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്<br>**കൺവീനർ:-**<br>ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ<br>**അംഗങ്ങൾ**<br>1) വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ<br>2) ജില്ലാ വനിതാ ക്ഷേമ ഓഫീസർ<br>3) സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഒരു സന്നദ്ധ പ്രവർത്തകൻ<br>തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടത്തിവരുന്ന ഉണർവ് പരിപാടി അവലംബമാക്കാവുന്നതാണ്. എല്ലാ ജില്ലാ പഞ്ചായത്തുകളും പ്രോജക്ട് ഏറ്റെടുക്കേണ്ടതാണ്. |
| 28 | **12.2.8 പേജ് 58** | ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എം.എസ്.ഡബ്ല്യു. യോഗ്യ തയുള്ള ഒരു വനിതയെ വീതം എല്ലാ ജാഗ്രതാ സമിതികൾക്കും കരാർ അടിസ്ഥാ നത്തിൽ അതാത് തദ്ദേശസ്ഥാപനങ്ങൾക്ക് നിയോഗിക്കാവുന്നതും വേതനം നൽകാവുന്നതുമാണ്. ജില്ലാ ജെന്റർ റിസോഴ്സ് സെന്റർ ഇവരുടെ പ്രവർത്തനം സംബന്ധിച്ച് വ്യക്തത വരുത്തി അവലോകനം ചെയ്യുന്നതിനുള്ള നടപടി ക്രമം നിശ്ചയിക്കേണ്ടതാണ്. | ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എം.എസ്.ഡബ്ല്യു. യോഗ്യതയുള്ള ഒരു വനിതയെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും വേതനം നൽകാവുന്നതുമാണ്. ജില്ലാ ജെന്റർ റിസോഴ്സ് സെന്റർ ഇവരുടെ പ്രവർത്തനം സംബന്ധിച്ച് വ്യക്തത വരുത്തി അവലോകനം ചെയ്യുന്നതിന് ജില്ലയ്ക്കാകെ ബാധകമായ നടപടിക്രമം നിശ്ചയിക്കേണ്ടതും അതത് തദ്ദേശഭരണ സ്ഥാപനതലത്തിലും ജില്ലയിൽ പൊതുവെയും സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ടും സ്ത്രീ സാമൂഹ്യ പദവി ഉയർത്തുന്നതിന് സഹായകവുമായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തേണ്ടതുമാണ്. എല്ലാ |

| | | | |
|---|---|---|---|
| | | | സ്കൂളുകളിലും തൊഴിൽശാലകളിലും ജെന്റർ ഡസ്ക് രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. ഇവർക്ക് പ്രതിമാസം 10,000/- രൂപയിൽ അധികരിക്കാതെ വേതനം വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ്. പ്രതിമാസഅവലോകനം തദ്ദേശഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും നടത്തി പ്രവർത്തന പുരോഗതി ഉറപ്പാക്കേണ്ടതും മിനിട്സ് സൂക്ഷിക്കേണ്ടതുമാണ്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതുമാണ്. |
| 29 | **12.2.9 പേജ് 58** | പ്രാഥമിക ആരോഗ്യ കേന്ദ്രം/കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മെഡിക്കൽ ലാബുകളിൽ സർക്കാർ നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് ലാബ് ടെക്നീഷ്യനെ നിയമിച്ച് വേതനം നൽകുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ കരാറടിസ്ഥാനത്തിൽ ടെക്നീഷ്യനെ നിയമിക്കാവുന്നതാണ്. ഇത്തരം സാഹചര്യത്തിൽ അവർക്കുള്ള വേതനം ഹോസ്പിറ്റൽ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് നൽകണം. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഫണ്ട് ഇല്ലാതെ വന്നാൽ മാത്രം വേതനം തനതുഫണ്ടിൽ നിന്നു നൽകാവുന്നതാണ്. | പ്രാഥമിക ആരോഗ്യ കേന്ദ്രം/കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മെഡിക്കൽ ലാബുകളിൽ സർക്കാർ നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് ലാബ് ടെക്നീഷ്യനെ നിയമിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ കരാറടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യനെ നിയമിക്കാവുന്നതാണ്. ഇത്തരം സാഹചര്യത്തിൽ നിയമനം ഹെൽത്ത് മിഷന്റെ മാനദണ്ഡ പ്രകാരമായിരിക്കേണ്ടതും വേതനം വികസനഫണ്ടിൽ നിന്നും നൽകാവുന്നതുമാണ്. ആവശ്യമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. |
| 30 | **12.2.10, പേജ് 58** | ചില പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം/ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ സേവനം ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ആവശ്യമായി വരും. (ഉദാ: കടലോര പ്രദേശങ്ങൾ) ഇത്തരം മേഖലകളിൽ തദ്ദേശഭരണസ്ഥാപനത്തിന് ആവശ്യമെന്നുതോന്നുവെങ്കിൽ കരാറടിസ്ഥാനത്തിൽ ഡോക്ടർമാരെയും അത്യാവശ്യം വേണ്ട സ്റ്റാഫിന്റെയും സേവനം ലഭ്യമാക്കാ വുന്നതാണ്. അവർക്കുള്ള വേതനം നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡപ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ നൽകാവുന്നതാണ്. | ചില പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ( 1pm - 7 pm) ആവശ്യമായി വരും. ഇത്തരം ഗ്രാമപഞ്ചായത്തുകളിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും, ബ്ലോക്ക് പഞ്ചായത്ത്തലത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ട് ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നഗരസഭാ/കോർപ്പറേഷൻ തല |

| | | | |
|---|---|---|---|
| | | | ത്തിൽ ആവശ്യമെങ്കിൽ ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡപ്രകാരം നിയമിക്കാവുന്നതും അവരുടെ വേതനം വികസനഫണ്ടിൽ നിന്ന് നൽകാവുന്നതു മാണ്. ആവശ്യമുള്ള തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് ഏറ്റെടുക്കാം |
| **14. പൊതുമരാമത്ത് പ്രവൃത്തികൾ** | | | |
| 31 | **14 (i) 2, 3, 4 പേജ്നം.60, 61** | 2 ബിനാമി ഇടപാടില്ലാതെ, സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്തു നടത്താൻ വേണ്ട സാമ്പത്തിക - സാങ്കേതിക-സംഘാടനശേഷിയും സന്നദ്ധതയുമുള്ള അദ്ധ്യാപക- രക്ഷാകർതൃ സമിതികൾ, അംഗൻവാടി വെൽഫെയർ കമ്മിറ്റി കൾ എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ.<br>3 നേരിട്ട് നിർവ്വഹണം നടത്താൻ അനുവദനീയമായ തുക പരിധിയിലുള്ള പ്രവർത്തികൾ.<br>4 50,000/-രൂപയിൽ താഴെയുള്ള നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്തൃസമിതികൾ മുഖാന്തിരം ചെയ്യാവുന്നതാണ്. | 2.ബിനാമി ഇടപാടില്ലാതെ, സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്തു നടത്താൻ വേണ്ട സാമ്പത്തിക- സാങ്കേതിക - സംഘാടന ശേഷിയും സന്നദ്ധതയുമുള്ള അദ്ധ്യാപക- രക്ഷാകർതൃസമിതികൾ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ, അംഗൻവാടി വെൽഫെയർ കമ്മിറ്റികൾ എന്നിവയ്ക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവൃത്തികൾ അടങ്കൽ തുക പരിധിയില്ലാതെ ഏറ്റെടുത്തു നിർവഹണം നടത്താവുന്നതാണ്.<br>3. 50,000/- രൂപയിൽ താഴെയുള്ള നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖാന്തിരം ചെയ്യാവുന്നതാണ്.<br>4. 50,000 രൂപയിലധികരിച്ച എല്ലാ പ്രവൃത്തി കളും ഇ-ടെണ്ടർ ചെയ്യണം. 50,000/- രൂപയിൽ താഴെയാണെങ്കിലും കരാറുകാർ മുഖേന നിർവഹണം നടത്തുകയാണെങ്കിൽ അവയും ഇ-ടെണ്ടർ ചെയ്യണം. |